LIBRARY ARCHIVES Kerala Legislative Assembly

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

116 (5046) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായശാലകളുടെയും ചരക്കുനീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം തുറമുഖങ്ങളിൽക്കൂടി ചരക്കുനീക്കം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം ചരക്കുനീക്കങ്ങൾക്കുള്ള ചെലവ് കരമാർഗ്ഗത്തെക്കാൾ എത്രത്തോളം കുറയുമെന്ന് വിശദമാക്കാമോ ;

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാകുമോ ; വിശദാംശങ്ങൾ നൽകാമോ ?

### ഉത്തരം

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായശാലകളുടെയും ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലൂടെ ഇപ്പോൾ ചരക്ക് ഗതാഗതം നടത്തിവരുന്നു. കൂടാതെ കൊടുങ്ങല്ലൂർ തുറമുഖത്തുകൂടി തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് കൈകാര്യം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) M/s. ഡിലോയിറ്റ് എന്ന കൺസൾട്ടൻസി നൽകിയ റിപ്പോർട്ട് അനുസരിച്ച് തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക് നീക്കത്തിന് ദൂരമനുസരിച്ച് റോഡ് വഴിയുള്ള ചരക്ക് നീക്കത്തെക്കാൾ ടണ്ണിന് 400 മുതൽ 1400 രൂപ വരെ കുറയാൻ സാധ്യതയുണ്ട്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാകും. തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിൽ കേരള തീരത്തിലൂടെയുള്ള ചരക്ക് നീക്കത്തിന് ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്.